മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 7

# വാർത്താക്കുറിപ്പ്

---

## സ്റ്റാർട്ടപ്പ് മിഷൻറെ ഒരു കോടി രൂപയുടെ അവാർഡ് എം.ജി സർവ്വകലാശാലക്ക്

മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ അംഗീകാരം. വിദ്യാർഥികളുടെയും ഗവേഷകരുടെയും നൂതന ആശയങ്ങളെ അവയുടെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിധം സ്റ്റാർട്ടപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകി വരുന്ന സഹായങ്ങളും പ്രോത്സാഹനവും കണക്കിലെടുത്ത് ഒരു കോടി രൂപയുടെ ക്യാഷ് അവാർഡാണ് മിഷൻ സർവ്വകലാശാലക്ക് നൽകിയിരിക്കുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്നും സംരംഭകരും തൊഴിൽ ദാതാക്കളുമായി പരിവർത്തനം ചെയ്യുന്നതിന് സർവ്വകലാശാലക്ക് കീഴിൽ പ്രവർത്തിക്കുന്ന ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻറർ നിരവധി പദ്ധതികൾ നടത്തിവരുന്നുണ്ട്. ഒരേ സമയം വാണിജ്യ സാധ്യതകളുള്ള ഗവേഷണ പദ്ധതികൾ വിജയകരമായി ഏറ്റെടുക്കുന്നതിനും അതിനനുയോജ്യമായ വിധത്തിൽ സംരംഭകരെ വാർത്തെടുക്കുന്നതിനു മുള്ള പരിപാടികളാണ് സർവ്വകലാശാല നടപ്പിലാക്കി വരുന്നത്.

പാലാ സെൻ്റ് ജോസഫ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ആൻഡ് ടെക്നോളജി യിൽ നടന്ന ഐ.ഇ.ഡി.സി ' - ഉച്ചകോടിയിൽ സമ്മാന തുകയായ ഒരു കോടി രൂപയുടെ ചെക്ക് കേരള സ്റ്റാർട്ട് അപ്പ് മിഷൻ പ്രൊജക്റ്റ് ഡയറക്ടർ പി. മുഹമ്മദ് റിയാസിൽ നിന്നും മഹാത്മാഗാന്ധി സർവകലാശാല ബിസ്സിനെസ്സ് ഇന്നോവേഷൻ ആൻഡ് ഇൻകുബേഷൻ സെൻ്റർ ഡയറക്ടർ ഡോ. ഇ. കെ. രാധാകൃഷ്ണൻ ഏറ്റുവാങ്ങി.

ഗവേഷണ പദ്ധതികളെ വിപണിയുമായി ബന്ധിപ്പിച്ച് പുതിയ ഉത്പന്നങ്ങളും, സാങ്കേതികവിദ്യയും വികസിപ്പിച്ചെടുക്കുകയും അതുവഴി കൂടുതൽ തൊഴിൽഅവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർവകലാശാലയെ നവകേരളത്തിൻ്റെ ഇന്നോവേഷൻ ഹബ്ബ്' ആക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്കാണ് അവാർഡ് തുക വിനിയോഗിക്കുക.

**ഫോട്ടോ ക്യാപ്ഷൻ:** കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ അവാർഡ് ഡോ. ഇ.കെ. രാധാകൃഷ്ണൻ മിഷൻ പ്രോജക്ട് ഡയറക്ടർ പി. മുഹമ്മദ് റിയാസിൽ നിന്നും ഏറ്റുവാങ്ങുന്നു.

## എം.ജി: സി എ റ്റി രജിസ്ട്രേഷൻ ഏപ്രിൽ 7 വരെ

മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിലെ വിവിധ പഠന വകുപ്പുകളിലും ഇൻറർ സ്കൂൾ സെൻററിലും നടത്തുന്ന എം.എ, എം.എസ്.സി, എം.റ്റി.റ്റി.എം., എൽ.എൽ. എം, മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻറ് സ്പോർട്സ്, എം.എഡ്, ബി.ബി.എ, എം. ബി.എ എൽ.എൽ.ബി (ഓണേഴ്സ് ) ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ എന്നിവയിലേയ്ക്ക് പൊതു പ്രവേശന പരീക്ഷക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഇതിനായുള്ള അപേക്ഷ www.cat.mgu.ac.in എന്ന വെബ് സൈറ്റ് മുഖേന ഏപ്രിൽ ഏഴ് വരെ സമർപ്പിക്കാം.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സജ്ജീകരിക്കുന്ന എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് മെയ് 28, 29 തീയതികളിൽ പ്രവേശന പരീക്ഷ നടത്തും. അപേക്ഷാ ഫീസ് ഓരോ പ്രോഗ്രാമിനും ജനറൽ വിഭാഗക്കാർക്ക് 1100 രൂപയും എസ്. സി - എസ്. ടി വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് 550 രൂപയുമാണ്. എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകൾക്ക് ഒരേ അപേക്ഷയിൽത്തന്നെ നാല് പ്രോഗ്രാമുകൾക്ക് പ്രവേശനം തേടാം.

എം ബി എ പ്രവേശനത്തിന് www.admission.mgu.ac.in എന്ന വെബ് സൈറ്റ് മുഖേനയും മറ്റുള്ള പ്രോഗ്രാമുകൾക്ക് www.cat.mgu.ac.in എന്ന വെബ് സൈറ്റ് മുഖേനയുമാണ് അപേക്ഷിക്കേണ്ടത്. യോഗ്യതാ പരീക്ഷയുടെ അവസാന വർഷ/ സെമസ്റ്റർ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾ 0481- 27335 95, എന്ന ഫോൺ നമ്പറിലും cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും. എം.ബി.എ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ 0481 2732288 എന്ന ഫോൺ നമ്പറിലും smbs@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ./39/272/2022)

## താത്ക്കാലിക നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കോളേജ് ഡവലപ്പ്മെൻറ് കൗൺസിൽ ഡയറക്ടറായി താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു.

സർവ്വകലാശാലയിലോ അഫിലിയേറ്റഡ് കോളേജുകളിലോ പ്രൊഫസർ / പ്രിൻസിപ്പൽ/ ഡയറക്ടർ തസ്തികയിലോ സമാന തസ്തികകളിലൊ അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയുള്ളവർക്ക് അപേക്ഷിക്കാം. സർവ്വകലാശാലയിലൊ അഫിലിയേറ്റഡ് കോളേജുകളിലോ ഭരണ നിർവ്വഹണത്തിലും വികസന പദ്ധതികളുടെ നടത്തിപ്പിലും പരിചയമുള്ളവർക്ക് മുൻഗണന. നിലവിലുള്ള ഒഴിവ് ഓപ്പൺ വിഭാഗത്തിനായുള്ളതാണ്. അപേക്ഷകരുടെ പ്രായം 2022, ജനുവരി ഒന്നിന് 62 വയസ് കവിയരുത്. നിയമിതരാകുന്നവർക്ക് പ്രതിമാസം 50,000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും.

പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ ഒന്നു മുതൽ മൂന്ന് വർഷം വരെയായിരിക്കും നിയമന കാലാവധി.

അപേക്ഷാഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560 എന്ന വിലാസത്തിൽ മാർച്ച് 16ന് വൈകിട്ട് അഞ്ച് മണി വരെ അപേക്ഷകൾ സ്വീകരിക്കും.

(പി.ആർ.ഒ./39/273/2022)

## പുതുക്കിയ പരീക്ഷാ തീയതി

മാർച്ച് 14 ന് ആരംഭിക്കുന്ന സ്കൂൾ ഓഫ് പോഡഗോഗിക്കൽ സയൻസസിൻ്റെ രണ്ടാം സെമസ്റ്റർ എക്സ്റ്റേണൽ എം.എഡ്. (സി.എസ്.എസ്.) (2020-2022 ബാച്ച് - റഗുലർ, 2019-21 ബാച്ച് - സപ്ലിമെന്ററി) പരീക്ഷാ തീയതിയിൽ മാറ്റം വരുത്തിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/274/2022)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എ. സിറിയക് (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 30 ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 14 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 15 നും 1050 രൂപ പിഴയോടു കൂടി മാർച്ച് 16 നും അപേക്ഷിക്കാം. വിശദമായി ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/275/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്.സി. എം.എൽ.റ്റി (2008 ന് മുൻപുള്ള അഡ്മിഷൻ - സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 17 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം.

(പി.ആർ.ഒ./39/276/2022)

2021 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ. (മോഡൽ I, II, III 2020 അഡ്മിഷൻ - റെഗുലർ, 2017-2019 അഡ്മിഷൻ - റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/277/2022)

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ റീഹാബിലിറ്റേഷൻ സൈക്കോളജി (2019-2020 - ബിഹേവിയറൽ സയൻസ് ഫാക്കൽറ്റി- സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/278/2022)

2021 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് - ബി എസ് സി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/279/2022)

2021 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ബി.എ./ ബി.സി.എ. / ബി.ബി.എം. / ബി.എഫ്.ടി. / ബി.എസ്.ഡബ്ല്യൂ. / ബി.ടി.ടി.എം. (2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ് / ബെറ്ററ്മെന്റ്, 2020 അഡ്മിഷൻ - റെഗുലർ) / ബി.എഫ്.എം. / ബി.എസ്.എം. (2020 അഡ്മിഷൻ - റെഗുലർ) - സി.ബി.സി.എസ്. മോഡൽ III (ന്യൂ ജനറേഷൻ) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/280/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ